# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1565

07.06.2018-ൽ മറുപടിക്ക്

## ഓഖി ദുരന്തം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.എം.വിൻസെന്റ് | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ദുരന്തത്തെത്തുടർന്ന് ആകെ തിരിച്ചുവരാനുള്ളവർ എത്രയാണെന്നും ഇവരിൽ മരണപ്പെട്ടവർ എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | ഓഖി ദുരന്തത്തിൽ 52 മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞു. ഫിഷറീസ് വകുപ്പിന്റെ കണക്കുകൾ പ്രകാരം 91 മത്സ്യത്തൊഴിലാളികൾ തിരിച്ചുവരാനു ണ്ട്. |
| (ബി) | ഓഖി ദുരന്ത ബാധിതർക്ക് ഇതിനോടകം ഗവൺമെന്റ് നൽകിയ സഹായം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഓഖി ദുരന്തത്തെ തുടർന്ന് ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, ഫണ്ട് ബോർഡിൽ നിന്ന് 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ മരണമടഞ്ഞ മത്സ്യ ത്തൊഴിലാളികളുടെ ആശ്രിതർക്ക് അനുവദിച്ച<br><br>മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് ആശ്വാസ ധനസഹായമായി പ്രഖ്യാപിച്ച 20 ലക്ഷം രൂപയുടെ സഹായം കാണാതായ 91 പേരുടെ ആശ്രിതർക്കും അനുവദിച്ചിട്ടുണ്ട്<br><br>സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഫിഷറീസ് വകുപ്പിന് അനുവദിച്ച തുക ഉപയോഗിച്ച് 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2000/- രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. ദുരിത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ സിവിൽ സപ്ലൈസ് വകുപ്പ് വഴി നൽകിയിട്ടു ണ്ട്. പരിക്ക് പറ്റി സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയ 179 മത്സ്യത്തൊഴിലാളികൾക്ക് ചികിത്സാ ധന സഹായമായി ആകെ 8,68,000/- രൂപ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽ കിയിട്ടു ണ്ട്.<br><br>ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട 74 മത്സ്യത്തൊഴി ലാളികൾക്ക് പ്രതിമാസം 3000/- രൂപ വീതം വീട് വാടകയിനത്തിൽ അനുവദിച്ചു. ഓഖി മരണത്തിൻ മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ട തിരുവനന്തപുരം ജില്ലയിലെ 64 മത്സ്യത്തൊഴിലാളികൾക്ക് 3.08 കോടി രൂപ ആദ്യഘട്ടമായി നൽകിയിട്ടു ണ്ട്. |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികളുടെ സംരക്ഷക്കായുള്ള Inflatable life jacket 15000 മത്സ്യത്തൊഴിലാളികൾക്ക് നല്കാനുദ്ദേശിക്കുന്നു. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ, പരീക്ഷണാടിസ്ഥാനത്തിൽ, 100 മത്സ്യത്തൊഴിലാളികൾക്ക് നൽകുവാനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടു ണ്ട്.<br><br>ഓഖി ദുരിതാശ്വാസ കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസ ധനസഹായമായി അനുവദിച്ച 2000/- രൂപ വിതരണം ചെയ്തിട്ടു ണ്ട്. |
| (സി) | കാണാതായവരുടെയും മരണമടഞ്ഞവരുടെയും മക്കൾക്ക് വിദ്യാഭ്യാസ ചെലവിനു വേണ്ടി എന്തെല്ലാം സഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്; | (സി) | മത്സ്യഗ്രാമം തിരിച്ച് വിവരശേഖരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഓഖി ചുഴലിക്കാറ്റിൽ മരിച്ചവരുടെയും കാണാതായവരുടെയും മക്കളായി 309 പേരുണ്ട്. ഇതിൽ 185 പേർക്ക് First level Graduation വരെ വിദ്യാഭ്യാസ ധനസഹായവും Graduation പൂർത്തിയാക്കിയ 124 പേർക്ക് തൊഴിൽ പരിശീലനം നൽകുവാനുമുള്ള 1392.82 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു |
| (ഡി) | മരണമടഞ്ഞവരുടെ ബന്ധുക്കൾക്ക് നൽകിയ സാമ്പത്തിക സഹായത്തിന്റെ ഒരു ചെറിയ പങ്ക് എങ്കിലും ദൈനംദിന ചെലവുകൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ഓഖി ദുരന്തത്തെ തുടർന്ന് ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, ഫണ്ട് ബോർഡിൽ നിന്ന് 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുണ്ട്. |
| (ഇ) | ഓഖി ദുരന്തബാധിതർക്കായി കേന്ദ്ര ഗവൺമെന്റ് നൽകിയ സഹായത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഇ) | പ്രധാന മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 ലക്ഷം രൂപ വീതം ഓഖി ദുരന്തത്തിൽ മരണപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.(തിരുവനന്തപുരം, കൊല്ലം, എറണാകുളം, കാസർഗോഡ്) |

സെക്ഷൻ ഓഫീസർ